## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6256 31.10.2011-ൽ മറുപടിക്ക്

### പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>,, എ.എം. ആരിഫ് :<br>,, ബി. സത്യൻ :<br>,, സാജു പോൾ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നിലവിലുള്ള നിയമം പര്യാപ്തമാണോ; വീണ്ടും നിയമ നിർമ്മാണം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; നിയമം ലംഘിച്ച് മാലിന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടുകെട്ടാൻ നിലവിൽ വ്യവസ്ഥയുണ്ടോ ; | എ) പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നിലവിലുള്ള നിയമം പര്യാപ്തമാണ്. കേരള മുനിസിപ്പൽ ആക്ടിന്റെ 329-ാം വകുപ്പും, കേരളാ പഞ്ചായത്ത് രാജ് ആക്ടിന്റെ 219-ാം വകുപ്പും പ്രകാരവും, മാലിന്യം ഉൽപാദിപ്പിക്കുന്നവർ തന്നെ നഗരസഭ/പഞ്ചായത്ത് സെക്രട്ടറി അനുശാസിക്കും പ്രകാരം ഇതിനുള്ള ചുമതല വ്യക്തമാക്കി മാലിന്യം ഉറവിടങ്ങളിൽ തന്നെ തരംതിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. നിയമം ലംഘിച്ച് മാലിന്യങ്ങൾ കൊണ്ടുപോകുന്നതും, ജലാശയങ്ങളിലേയ്ക്ക് തള്ളുന്നതുമായ വാഹനങ്ങൾ കണ്ടുകെട്ടാൻ മേൽ നിയമത്തിൽ വ്യവസ്ഥയുണ്ട്. വീടുകൾ ഫ്ളാറ്റുകൾ സ്ഥാപനങ്ങൾ, ആശുപത്രികൾ വ്യാപാര കേന്ദ്രങ്ങൾ അറവുശാലകൾ ചിക്കൻ സ്റ്റാളുകൾ, ചന്തകൾ മുതലായ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ജൈവ-ജൈവേതരമായി തരംതിരിച്ച് സൂക്ഷിക്കേണ്ട ചുമതല അതതിന്റെ |

ഉടമകൾക്കായിരിക്കുമെന്ന് വ്യക്തത വരുത്തി നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

| | |
|---|---|
| സി) നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ തയ്യാറാകുമോ ? | സി) നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ